പതിനാലാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3202 — 10/12/2018 ലെ മറുപടി

# വിദ്യാലയങ്ങളിലേക്ക് വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്റ്റേഷനറി വകുപ്പിൽ നിന്നും ലഭിക്കുന്ന സ്റ്റേഷനറി സാധനങ്ങൾ വിദ്യാഭ്യാസ വകുപ്പ് വിദ്യാലയങ്ങളിലേക്ക് വിതരണം ചെയ്യാറുണ്ടോ; | (എ) യും പൊതുവിദ്യാഭ്യാസ വകുപ്പിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴിയാണ് സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നത്. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് വിതരണം ചെയ്യുതെന്ന് വിദ്യാലയങ്ങളുടെ പേരുസഹിതം ജില്ല അടിസ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) യും പൊതുവിദ്യാഭ്യാസ വകുപ്പിൽ എല്ലാ ജില്ലകളിൽ നിന്നും സ്കൂളുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അവ കിട്ടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും അതാത് മേഖലാ ഓഫീസുകൾ, സ്റ്റേഷനറി വകുപ്പിൽ നിന്നും കിട്ടുന്ന സ്റ്റേഷനറികൾ വിതരണം ചെയ്യുന്നുണ്ട് |
| (സി) വിദ്യാലയങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്നില്ലെങ്കിൽ എന്തു കാരണത്താലാണ് വിതരണം ചെയ്യാത്തതെന്ന് വിശദമാക്കുമോ? | (സി) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ സ്റ്റേഷനറി സാധനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സ്കൂളുകളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ല. ആയതിനാലാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്ന് വിദ്യാലയങ്ങൾക്ക് സ്റ്റേഷനറി സാധനങ്ങൾ വിതരണം നടത്താത്തത്. ഗവൺമെന്റ് സ്കൂളുകൾക്ക് സ്റ്റേഷനറി വകുപ്പുമായി ബന്ധപ്പെട്ട് നേരിട്ട് സാധനങ്ങൾ വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ